# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3811** **24.06.2014-ലെ മറുപടിക്ക്**

**<u>ശമ്പള പരിഷ്കരണ കമ്മീഷൻ പ്രവർത്തനങ്ങൾക്കുള്ള ചെലവ്</u>**

| | **ചോദ്യം**<br>ശ്രീമതി.കെ. എസ്. സലീഖ | **ഉത്തരം**<br>ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
|---|---|---|
| (എ) | സംസ്ഥാനത്ത് ശമ്പള പരിഷ്ക്കരണ കമ്മീഷൻ ചെയർമാനും അംഗങ്ങൾക്കും നിശ്ചയിക്കപ്പെട്ട പ്രതിമാസ ശമ്പളം എത്ര; ഇവർ ഓരോരുത്തരും നാളിതുവരെ ശമ്പളം, റ്റി. എ, ഡി.എ, മറ്റിനങ്ങൾ എന്നിവ ഉൾപ്പെടെ ആകെ എത്ര തുക വീതം വാങ്ങിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | സംസ്ഥാനത്ത് ശമ്പള പരിഷ്ക്കരണ കമ്മീഷൻ ചെയർമാനും അംഗങ്ങൾക്കും നിശ്ചയിക്കപ്പെട്ട പ്രതിമാസ ഓണറേറിയം 50,000/- രൂപയാണ്. ഇവർ ഓരോരുത്തരും നാളിതുവരെ ശമ്പളം, റ്റി.എ, ഡി.എ, മറ്റിനങ്ങൾ എന്നിവയിൽ തുക ഒന്നും കൈപ്പറ്റിയിട്ടില്ല. |
| (ബി) | കമ്മീഷനിൽ ഏതെല്ലാം തസ്തികയിലുള്ള എത്ര ഉദ്യോഗസ്ഥരെ നിയമിച്ചു എന്നും ഓരോരുത്തരും ശമ്പളം, റ്റി. എ, ഡി. എ, മറ്റിനങ്ങൾ എന്നിവ ഉൾപ്പെടെ എന്തു തുക നാളിതുവരെ വാങ്ങിയിട്ടുണ്ട്; വിശദമാക്കുമോ; | കമ്മീഷനിൽ 1 അഡീഷണൽ സെക്രട്ടറി, 1 ജോയിന്റ് സെക്രട്ടറി, 2 അണ്ടർ സെക്രട്ടറി, 4 സെക്ഷൻ ഓഫീസർ, 8 അസിസ്റ്റന്റ്, 3 കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II, 4 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II, 1 ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II, 4 ഓഫീസ് അറ്റന്റന്റ് എന്നീ തസ്തികകൾ 17.05.2014 ലെ സ.ഉ (കൈ) നം.176/2014/ധന പ്രകാരം ആറുമാസക്കാലയളവിലേയ്ക്ക് താത്കാലികാടിസ്ഥാനത്തിൽ സൃഷ്ടിച്ചിട്ടുണ്ട്. റ്റി. എ, ഡി. എ, മറ്റിനങ്ങൾ എന്നിവയിൽ തുക ഒന്നും നൽകിയിട്ടില്ല. |
| (സി) | കമ്മീഷന്റെ പ്രവർത്തനത്തിനായി ഏതെല്ലാം ഇനത്തിൽപ്പെട്ട എത്ര വാഹനങ്ങൾ നാളിതുവരെ അനുവദിച്ചിട്ടുണ്ട്; ഓരോ വാഹനത്തിനുമായുള്ള നാളിതുവരെ ചെലവായ തുക എത്ര; വിശദമാക്കുമോ; | കമ്മീഷന്റെ പ്രവർത്തനത്തിനായി Swift Dzire വാഹനം വാടക വ്യവസ്ഥയിൽ എടുത്ത് അനുവദിച്ചിട്ടുണ്ട്. ടി വാഹനവാടകയായി നാളിതുവരെ 1,10,810/- രൂപ (ഒരു ലക്ഷത്തി പതിനായിരത്തി എണ്ണൂറ്റിപത്തു രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | എത്ര ഉദ്യോഗസ്ഥരുടെ താല്ക്കാലിക സേവനം കമ്മീഷന് വിട്ടുനൽകിയിട്ടുണ്ട്; തസ്തിക തിരിച്ച് അവർ ആരെല്ലാമെന്നും ഏതെല്ലാം വകുപ്പുകളിൽ നിന്നും എന്ന് വ്യക്തമാക്കുമോ; | താല്ക്കാലികാടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരുടെ സേവനം വിട്ടുനൽകിയിട്ടില്ല. |

| | | |
|---|---|---|
| (ഇ) | ഇവരിൽ ആരെങ്കിലും ശമ്പള ത്തോടൊപ്പം പെൻഷനും വാങ്ങുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | ബാധകമല്ല. |
| (എഫ്) | ശമ്പള കമ്മീഷൻ ചെയർമാൻ മറ്റേതെങ്കിലും കമ്മീഷന്റെ ഭാഗമായും, ചെയർമാനായും നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ; | ശമ്പള കമ്മീഷൻ ചെയർമാൻ കേരള ഡാം സേഫ്റ്റി അതോറിറ്റിയുടെ ചെയർമാനായും പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ജി) | എങ്കിൽ ഇവയിൽ നിന്നും ശമ്പളം/റ്റിഎ/ഡിഎ ഉൾപ്പെടെ എന്തു തുക നാളിതുവരെ കൈപ്പറ്റി; ഇവയിൽ നിന്നും എത്ര വാഹനങ്ങൾ ഇപ്പോഴും ഉപയോഗിക്കുന്നു; വ്യക്തമാക്കുമോ; | കേരള ഡാം സേഫ്റ്റി അതോറിറ്റി ചെയർമാൻ എന്ന നിലയിൽ ഹൈക്കോടതി സിറ്റിംഗ് ജഡ്ജിനുള്ള എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. 2012 ഡിസംബർ മാസം മുതൽ 2014 മെയ് മാസം വരെയുള്ള കണക്കുകൾ പ്രകാരം ശമ്പളം/റ്റിഎ/ ഡിഎ ഉൾപ്പെടെ ആകെ 27,33,376/- രൂപ കൈപ്പറ്റിയിട്ടുണ്ട്. നിലവിൽ ഡാം സുരക്ഷാ അതോറിറ്റിയുടെ ഒരു വാഹനം ഇപ്പോഴും ഉപയോഗിക്കുന്നു. |
| (എച്ച്) | പരമാവധി ജീവനക്കാരെയും, താല്ക്കാലിക സേവനത്തിനായി നിരവധിപേരെയും നിയമിച്ച് നൽകിയിട്ടും ശമ്പള പരിഷ്ക്കരണ ഉത്തരവ് നൽകാൻ സർക്കാർ വീണ്ടും സമയം നീട്ടിക്കൊടുത്ത കാരണം വ്യക്തമാക്കുമോ ? | സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനായി നിയോഗിച്ച ശമ്പള കമ്മീഷന്റെ ഓഫീസ് സ്വരാജ് ഭവനിൽ ലഭ്യമായത് മെയ് അവസാന വാരത്തിലാണ്. ആയതിനാൽ കമ്മീഷന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ഇക്കാരണത്താലാണ് ശമ്പള പരിഷ്ക്കരണ ഉത്തരവ് നൽകാൻ സർക്കാർ വീണ്ടും സമയം നീട്ടിനൽകിയത്. |

സെക്ഷൻ ഓഫീസർ